# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2373 — 23.01.2014-ൽ മറുപടിക്ക്

ചോദ്യം — മറുപടി

**പ്രൊഫ.സി.രവീന്ദ്രനാഥ്** — **ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

## ഇന്ധന-റോഡ്-വാഹന നികുതിയിനത്തിൽ കേന്ദ്രസർക്കാർ പിരിച്ചെടുത്ത തുക

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലായി സംസ്ഥാനത്തുനിന്നും ഇന്ധന-റോഡ് -വാഹന നികുതിയിനത്തിൽ എത്ര രൂപയാണ് കേന്ദ്രസർക്കാർ പിരിച്ചെടുത്തതെന്നു വ്യക്തമാക്കുമോ; | സംസ്ഥാനത്തു നിന്നും കേന്ദ്രസർക്കാർ പിരിച്ചെടുത്ത നികുതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. |
| (ബി) | ഓരോ വർഷവും പിരിച്ചെടുത്ത തുകയുടെ എത്ര ശതമാനം തുക സംസ്ഥാനത്തിന്റെ റോഡുവികസനത്തിനായി ലഭ്യമാക്കിയെന്നും, അത് എത്ര തുക വീതമാണെന്നും വിശദമാക്കുമോ; | സംസ്ഥാന പാതകളുടെ വികസനത്തിനായി (സി.ആർ.എഫ് വിഹിതമായി) താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.<br>2011-12 - തുക ലഭിച്ചിട്ടില്ല.<br>2012-13 - 124.86 കോടി.<br>2013-14 70.40 കോടി.<br>കൂടാതെ, സംസ്ഥാന ദേശീയ പാതകളുടെ വികസനത്തിനായി കേന്ദ്രം ചെലവഴിച്ച തുകകൾ (സംസ്ഥാന ബഡ്ജറ്റിലൂടെയല്ലാതെ) താഴെക്കാണും പ്രകാരമാകുന്നു.<br>(see table below)<br>ഇത് കേന്ദ്ര സർക്കാർ പിരിച്ചെടുത്ത തുകയുടെ എത്ര ശതമാനമാണെന്ന കണക്കുകൾ ലഭ്യമല്ല. |

| | ഒറിജിനൽ വർക്ക് | അറ്റകുറ്റപ്പണികൾ |
|---|---|---|
| 2011-12 | 153.67 കോടി | 52.82 കോടി |
| 2012-13 | 151.15 കോടി | 30.01 കോടി |
| 2013-14 | 145.17 കോടി | 39.22 കോടി |

<table>
<tr>
<td>(സി)</td>
<td>പിരിച്ചെടുക്കുന്ന തുകയുടെ 58% സംസ്ഥാനത്തെ ദേശീയപാതയുടെ വികസനത്തിനും, 22% പാലങ്ങളുടെയും, 20% സംസ്ഥാനറോഡുകളുടെയും നിർമ്മാണത്തിനും ഉപയോഗിക്കണമെന്നു നിഷ്ക്കർഷിച്ചിട്ടുണ്ടോ; എങ്കിൽ, ഇതു പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?</td>
<td>സെൻട്രൽ റോഡ് ഫണ്ട് ആക്ട് 2000 അനുസരിച്ച് ഭരണഘടനയുടെ ഒന്നാം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന സംസ്ഥാനങ്ങൾക്കും യൂണിയൻ ഭരണ പ്രദേശങ്ങൾക്കും താഴെ വിവരിക്കുന്ന പ്രകാരം വിഹിതം വക്കേണ്ടതുണ്ട്.
<table>
<tr><td>1</td><td>ഡീസലിന്റെ സെസിന്റെ 50% ഗ്രാമീണ റോഡുകളുടെ വികസനത്തിന്.</td></tr>
<tr><td>2</td><td>ബാക്കിയുള്ള 50% സെസും, പെട്രോളിന്റെ സെസുകൂടി ചേർന്ന തുകയുടെ വിതരണം താഴെ വിവരിക്കുന്ന പ്രകാരമായിരിക്കും</td></tr>
<tr><td>(എ)</td><td>ദേശീയപാതകളുടെ വികസനത്തിന് 57 1/2%</td></tr>
<tr><td>(ബി)</td><td>റയിൽവേയുടെ മുകളിലൂടെയോ കീഴിലൂടെയോ നിർമ്മിക്കുന്ന റോഡുകൾക്ക് 12 1/2%</td></tr>
<tr><td>(സി)</td><td>ബാക്കിയുള്ള 30% ദേശീയപാതകളൊഴികെയുള്ള റോഡുകൾക്ക് ഇതിൽ 10% കേന്ദ്രസർക്കാർ റിസർവ് ഫണ്ടായി സൂക്ഷിക്കുന്നതാണ്. ഇത് അന്തർ സംസ്ഥാന റോഡ് പദ്ധതികൾക്ക് കേന്ദ്രസർക്കാർ അനുമതി പ്രകാരം വിനിയോഗിക്കുന്നതിനായാണ് റിസർവ് ഫണ്ട്.</td></tr>
</table>
കേന്ദ്രസർക്കാർ പിരിച്ചെടുത്ത തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടി നിബന്ധനകൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്ന് അറിയുവാൻ സാധിക്കുന്നില്ല.</td>
</tr>
</table>

സെക്ഷൻ ഓഫീസർ